## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1894      01.02.2018 ൽ മറുപടിയ്ക്ക്

# സുനാമി ദുരിതാശ്വാസഫണ്ട് വിനിയോഗം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഡി. കെ. മുരളി | | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) | 2001-2006 ലെ സർക്കാരിന്റെ കാലത്തുണ്ടായ സുനാമി സംബന്ധിച്ച ദുരിതാശ്വാസ ഫണ്ടിന്റെ വരവ്-ചെലവ് കണക്കുകൾ വ്യക്തമാക്കാമോ; | (എ) (i) സുനാമി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 37,50,41,404/- (37.50 കോടി രൂപ) ലഭിച്ചിട്ടുണ്ട്. ഇതിൽ 32,02,61,146/- (32.02 കോടി രൂപ) ചെലവായിട്ടുണ്ട്.<br><br>(ii) സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഫണ്ടിന്റെ ചെലവിനങ്ങൾ വേർതിരിച്ച് വ്യക്തമാക്കുമോ; | (ബി) സുനാമി ദുരിതാശ്വാസഫണ്ടിന്റെ ചെലവിനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | മന്ത്രിമാരുടെയും മറ്റുദ്യോഗസ്ഥന്മാരുടെയും യാത്രാച്ചെലവിനായി പ്രസ്തുത ഫണ്ടിൽ നിന്ന് തുക വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ; | (സി) മന്ത്രിമാരുടെയും മറ്റുദ്യോഗസ്ഥന്മാരുടെയും യാത്രാച്ചെലവിനായി സുനാമി ദുരിതാശ്വാസ ഫണ്ടിൽ നിന്നും തുക വിനിയോഗിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**സുനാമി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുമുള്ള ചെലവ് (27.12.2004 – 30.11.2006)**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1894 – പിരിവ് (ബി)

| പദ്ധതി | തുക |
|---|---|
| മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി, സൗജന്യ റേഷൻ | 5,45,20,000/- (87,27,000+4,57,93,000) |
| മത്സ്യമേഖലയിലെ ഫാം, ഹാച്ചറി മുതലായവയ്ക്കുള്ള നഷ്ട പരിഹാരം | 2,00,00,000/- |
| സുനാമി ബാധിതർക്കുള്ള ഓണം കിറ്റ് വിതരണം | 38,72,000/- |
| സിവിൽ സപ്ലൈസ് കോർപ്പറേഷൻ | 2,36,955/- |
| കടൽഭിത്തി നിർമ്മാണം, ഇറിഗേഷൻ | 20,81,76,000/- |
| കുമാരി നീതുവിനുള്ള ധനസഹായം | 1,00,000/- |
| സുനാമി വാർഷികവുമായി ബന്ധപ്പെട്ട പാക്കേജ്(കൊല്ലം ജില്ല) | 54,98,000/- |
| സുനാമി ബാധിതർക്കുള്ള വീട് നിർമ്മാണം(കൊല്ലം ജില്ല) | 7,17,333/- |
| സുനാമി ബാധിതർക്കുള്ള ലോക് അദാലത്ത് അവാർഡ് | 1,15,65,858/- |
| വലിയഴീക്കൽ ഹയർ സെക്കന്ററി സ്കൂൾകെട്ടിട നിർമ്മാണം(ആലപ്പുഴ) | 1,10,00,000/- |
| സുനാമി വാർഷികവുമായി ബന്ധപ്പെട്ട പാക്കേജ് (ആലപ്പുഴ) | 45,75,000/- |
| **ആകെ** | **32,02,61,146/-** |

സെക്ഷൻ ഓഫീസർ